കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov

# കൊടകര ബ്ലോക്ക്പഞ്ചായത്ത്

2014-15, 2015-16

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

email: dotsr. ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ .എസ്. എ. ടി .എസ് .ആർ (ബി.പി2)642/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി: 18.05.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ്/ സെക്രട്ടറി മുഖേന

കൊടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊടകര ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക്പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ്

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ),തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

## തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15 , 2015-16സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന്റെ 25.02.2015 മുതൽ 03.04.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന്ചുമതലപ്പെട്ടഉദ്യോഗസ്ഥൻ - ശ്രീ.വി.സുരേഷ്ബാബു

ജോയിന്റ് ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം - 03.04.2017 മുതൽ 12.04.2017 വരെ

ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.സാബു .പി.എസ്. | ഓഡിറ്റ് ഓഫീസർ |
| ഷാജിത.കെ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി .രാജിഷ.ആർ | ഓഡിറ്റർമാർ |
| ശ്രീ.ജയൻ.വി.എസ് | |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ.എം.കെ.ശിവരാമൻ | 01.04.14 മുതൽ 03.09.2014വരെ |
| ശ്രീ.വി.എസ് .ജോഷി | 04.09.14 മുതൽ 06.10.2015വരെ |
| ഭരണ നിർവഹണ കമ്മിറ്റി | 07.10.2015 മുതൽ |

| | |
|---|---|
| 1) സെക്രട്ടറി<br>2) സി.ഡി.പി.ഒ<br>3) അസി.എക്സിക്യൂട്ടീവ് എൻജിനിയർ | 11.11.2015വരെ |
| ശ്രീമതി .അമ്പിളി സോമൻ | 12.11.15 മുതൽ<br>31.03.2016വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ.ശ്രീകാന്ത്.എ.എം | 01.04.14 മുതൽ<br>23.05.2014വരെ |
| ശ്രീ.തോമസ്.എ.കെ | 24.05.14 മുതൽ<br>30.06.2014വരെ |
| ശ്രീ.ശ്രീകാന്ത്.എ.എം | 01.07.14 മുതൽ<br>20.11.2014വരെ |
| ശ്രീ.തോമസ്.എ.കെ | 21.11.14 മുതൽ<br>30.11.2014വരെ |
| ശ്രീ.ശ്രീകാന്ത്.എ.എം | 01.12.14 മുതൽ<br>31.03.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ബീന.ഒ.ആർ | 01.04.14 മുതൽ<br>09.12.2014വരെ |
| | ശ്രീമതി.ഐഡ ഫ്രാൻസിസ് | 10.12.14 മുതൽ<br>08.01.2015വരെ |
| | ശ്രീ.ബീന.ഒ.ആർ | 09.01.15 മുതൽ<br>10.04.2015വരെ |
| | ശ്രീമതി.ഐഡ ഫ്രാൻസിസ് | 10.04.15 മുതൽ<br>25.05.2015വരെ |
| | ശ്രീ.സജീവ്.എം.കെ | 26.05.15 മുതൽ<br>20.06.2015 F.N വരെ |
| | ശ്രീമതി.ദീപ്തി.കെ | 20.06.15 A.N മുതൽ<br>15.12.2015 F.Nവരെ |
| | ശ്രീ.ജോജിപോൾ | 15.12.15 A.N മുതൽ<br>04.01.2016 F.Nവരെ |

| | | |
|---|---|---|
| | ശ്രീമതി.ടി.എസ്.ഗീതാകുമാരി | 04.01.16 മുതൽ 31.03.2016വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.ആർ.മധു | 01.04.14 മുതൽ 16.12.2015 F.N വരെ |
| | ശ്രീമതി.ലിസ്സ.ജെ.മങ്ങാട് | 16.12.15 A.N മുതൽ 31.03.2016വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.മൃദുല .കെ.എൻ | 01.04.14 മുതൽ 31.03.2016വരെ |
| ശിശു വികസന ഓഫീസർ | ശ്രീമതി.സുശീല.ടി | 01.04.14 മുതൽ 31.05.2015വരെ |
| | ശ്രീമതി.ശാന്ത.കെ.കെ | 01.06.15 മുതൽ 13.08.2015വരെ |
| | ശ്രീമതി.ചിത്രലേഖ .എസ് | 14.08.15 മുതൽ 17.10.2015 F.Nവരെ |
| | ശ്രീമതി.ദേവി.എൻ | 17.10.15 A.N മുതൽ 31.03.2016വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സിജോ ജോൺസൺ | 01.04.14 മുതൽ 01.02.2016വരെ |
| | ശ്രീമതി.ഫെമി.വി.മാത്യു | 02.02.16 മുതൽ 31.03.2016വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി ഷൈനി ജേക്കബ് | 01.04.14 മുതൽ 31.03.2016വരെ |
| സൂപ്രണ്ട്, സി.എച്ച്.സി | ഡോ.രാജീവ് .ആർ | 01.04.14 മുതൽ 11.04.2014വരെ |
| | ഡോ.കെ.ജി.ശിവരാജൻ | 12.04.14 മുതൽ 30.04.2014വരെ |
| | ഡോ.രാജീവ്.ആർ | 01.05.14 മുതൽ 30.01.2015വരെ |
| | ഡോ.കൃഷ്ണകുമാർ | 01.02.15 മുതൽ 28.02.2015വരെ |
| | ഡോ.രാജീവ്.ആർ | 01.03.15 മുതൽ 16.03.2015വരെ |
| | ഡോ.ഫ്രാൻസി.പി.എഫ് | 17.03.15മുതൽ 31.03.2015വരെ |
| | ഡോ.രാജീവ്.ആർ | 01.04.15 മുതൽ 07.09.2015വരെ |

| | | |
|---|---|---|
| | ഡോ.കൃഷ്ണകുമാർ | 08.09.15 മുതൽ 31.10.2015വരെ |
| | ഡോ.ഫ്രാൻസി.പി.എഫ് | 01.11.15 മുതൽ 01.12.2015വരെ |
| | ഡോ.കൃഷ്ണകുമാർ | 02.12.15 മുതൽ 11.01.2016വരെ |
| | ഡോ.ഫ്രാൻസി.പി.എഫ് | 12.01.16 മുതൽ 01.02.2016വരെ |
| | ഡോ.കൃഷ്ണകുമാർ | 02.02.16 മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | സാമ്പത്തിക വിശകലനം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം 2 | |
| 9 | പഴയ സീരീസിലുള്ള സാംഖ്യ രശീതികൾ അവശേഷിച്ചിരിക്കുന്നു | 2-1 |
| | ഭാഗം 3 | |
| 10 | ഐ.എ.വൈ ഭവന നിർമ്മാണം | 3-1 |
| 11 | സർക്കാർ നിർദേശമില്ലാതെ കേന്ദ്രവിഹിതം സംസ്ഥാന വിഹിതത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി | 3-2 |
| 12 | നിർമ്മൽ ഗ്രാമ പുരസ്കാർ അവാർഡ് തുക വിനിയോഗിച്ചിട്ടില്ല | 3-3 |
| 13 | 2014-15, 2015-16 ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തികരിക്കേണ്ടതാണ് | 3-4 |
| 14 | ആനുകൂല്യങ്ങൾ നിർദ്ധനർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ് | 3-5 |
| 15 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തീകരിക്കുന്നതിനു മുൻപെ സബ്സിഡി തുക പൂർണ്ണമായും അനുവദിച്ചു | 3-6 |
| 16 | സംയോജിത നെൽകൃഷി വികസനം - തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. (2014-15) | 3-7 |
| 17 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 3-8 |
| 18 | വയോജന ക്ഷേമം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-9 |
| 19 | മരുന്നു വാങ്ങലുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല. | 3-10 |

| | | |
|---|---|---|
| 20 | മരുന്ന വാങ്ങൽ - മരുന്നകൾ മുഴുവനായും ലഭിച്ചിട്ടില്ല (2015-16) | 3-11 |
| 21 | മരുന്ന വാങ്ങൽ - ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല. (2015-16) | 3-12 |
| 22 | സോളാർ പാനൽ സ്ഥാപിക്കൽ - തിരികെ ലഭിച്ച തുക ട്രഷറിയിൽ അടവാക്കേണ്ടതാണ്. (2014-15) | 3-13 |
| 23 | ഐ.കെ.എം.ന് സാങ്കേതിക സഹായം - കൈപ്പറ്റ് രസീതി ലഭിച്ചിട്ടില്ല. (2014-15) | 3-14 |
| 24 | ഗ്രന്ഥശാല പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം - സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കി. (2015-16) | 3-15 |
| 25 | ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ആശുപത്രികളിൽ സോളാർ പാനൽ സ്ഥാപിക്കൽ - സോളാർ പാനൽ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. (2015-16) | 3-16 |
| 26 | വനിത സംഘങ്ങൾക്ക് കാർഷിക യന്ത്രവത്ക്കരണം | 3-17 |
| 27 | 45 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച പട്ടികജാതി വനിതവ്യവസായപാർക്ക് പ്രവർത്തനം ആരംഭിച്ചിട്ടില്ല | 3-18 |
| 28 | കരയാംപാടം ലിഫ്റ്റ് ഇറിഗേഷൻ- അപാകതകൾ | 3-19 |
| 29 | വൃദ്ധസദനം പ്രവർത്തിക്കുന്നില്ല | 3-20 |
| 30 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 3-21 |
| 31 | ടെണ്ടർഫോമിന്റെ വില ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമായില്ല | 3-22 |
| 32 | ചെലവ് രേഖയിൽ ക്യാഷ് ബില്ലിന് പകരം എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിരിക്കുന്നു. | 3-23 |
| | ഭാഗം 4 | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |


## ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2014-15

ഈ വർഷത്തെ ബജറ്റ് 20.02.2014 തിയതിയിലെ 1 ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 354783000 രൂപയും ചെലവ് 344383000 രൂപയുമാണ്.

2015-16

ഈ വർഷത്തെ ബജറ്റ് 21.03.2015 തിയതിയിലെ 1 ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 376283850 രൂപയും ചെലവ് 375783850 രൂപയുമാണ്

## 1-2 വാർഷിക ധനകാര്യപത്രിക.

2014-15

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.15 | 24.06.15 |

2015-16

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.16 | 28.07.16 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വാർഷിക കണക്കുകൾ പരിശോധിച്ച തീയതി | |
|---|---|
| 2014-15<br>2015-16 | 10.04.2017 |

1.നാളിതുവരെയുള്ള ആസ്തി ബാധ്യത വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

## 1-4 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP40b) |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 539177 | 32293000 | 32832177 | 26033624 | 6798553 |
| വികസനഫണ്ട് എസ്.സി.പി. | 2073500 | 12857000 | 14930500 | 12563762 | 2366738 |
| വികസനഫണ്ട് ടി.എസ്.പി. | - | 601000 | 601000 | 601000 | - |
| മെയിന്റനൻസ് ഗ്രാന്റ് | 887583 | 4073000 | 4960583 | 2834270 | 2126313 |
| എം.എൻ.ആർ.ജി.എസ്. | 49182 | 9442846 | 9492028 | 9492028 | - |
| ബി ഫണ്ട് | - | 99774 | 99774 | 99774 | - |

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ്. | നീക്കിയിരിപ്പ് (RP40b) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6798553 | 28574288 | 35372841 | 35372841 | - | 0 |
| വികസനഫണ്ട് എസ്.സി.പി. | 2366738 | 10687314 | 13054052 | 13054052 | - | 0 |
| വികസനഫണ്ട് ടി.എസ്.പി. | - | 601000 | 601000 | 601000 | - | 0 |
| എം.എൻ.ആർ.ജി.എസ്. | - | 180831 | 180831 | 176035 | - | 4796 |
| മെയിന്റനൻസ് ഗ്രാന്റ് | 2126313 | 3523305 | 5649618 | 5649618 | - | 0 |
| ബി ഫണ്ട് | - | 100000 | 100000 | 100000 | - | |

# 1-5 സാമ്പത്തിക വിശകലനം

2014-15

| | |
|---|---|
| മുന്നിരിപ്പ് | 90674076 |
| വരവ് | 173793369 |
| ആകെ | 264467445 |
| ചെലവ് | 174571025 |
| നീക്കിയിരിപ്പ് | 89896420 |

2015-16

| | |
|---|---|
| മുന്നിരിപ്പ് | 89896420 |
| വരവ് | 80732387 |
| ആകെ | 170628807 |
| ചെലവ് | 135876144 |
| നീക്കിയിരിപ്പ് | 34752663 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

2014-15

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 80 | 48862902- പദ്ധതി വിഹിതം<br>4960582- മെയിന്റനൻസ് ഗ്രാന്റ് | 60 | 39697611- പദ്ധതി വിഹിതം<br>2834270- മെയിന്റനൻസ് ഗ്രാന്റ് | 9 | 11 | 75 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) യുവ സന്ധ്യ എസ്.സി.കോളനി കുടിവെള്ള പദ്ധതി

2) വെള്ളാരംകുന്ന് നെല്ലികുന്ന് എസ്.സി.കോളനി കുടിവെള്ളപദ്ധതി റിങ്ങ് റോഡ് സൈഡ് കെട്ടൽ

2015-16

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 84 | 55416291- പദ്ധതി വിഹിതം<br>6904313- മെയിന്റനൻസ് ഗ്രാന്റ് | 74 | 49027893 -പദ്ധതി വിഹിതം<br>5649618- മെയിന്റനൻസ് ഗ്രാന്റ് | 6 | 4 | 88% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) നിർഭയ

2) നിർമ്മൽ ഗ്രാമ പുരസ്കാര തുക ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറൽ

3) കുട്ടൻചിറ ഫോറസ്റ്റ് റോഡ് ടാറിംങ്ങ് കോൺക്രീറ്റീംങ്ങ്

4) പട്ടികജാതി യുവതി യുവാക്കൾക്ക് ഫോർവീലർ ഡ്രൈവിംങ്ങ് പരിശീലനവും ഡ്രൈവേഴ്സ് ക്ലബ് രൂപീകരണവും

## 1-7 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തരനിയന്ത്രണം പൊതുവേ തൃപ്തികരമാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2014-15 , 2015-16

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.2016മുതൽ 30.07.2016 വരെ | 2015-16 | 29-12-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-06-2012 മുതൽ 4.7.2012 വരെ | 2009-10മുതൽ 2011-12 വരെ | 07-08-2012 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പഴയ സീരീസിലുള്ള സാംഖ്യ രശീതികൾ അവശേഷിച്ചിരിക്കുന്നു.

പഴയ സീരീസിലുള്ള സാംഖ്യ രശീതി നമ്പർ 1364188 ന് ശേഷം പുതിയ സീരീസിലുള്ള രശീതിയാണ് ഉപയോഗിക്കുന്നത്. പഴയ സീരീസിലെ രശീതി നമ്പർ 1364189 മുതൽ 1364500 വരെയുള്ളവ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായാണ് കാണുന്നത്. ഈ രശീതികൾ എന്ത് ചെയ്യണമെന്നതിനെക്കുറിച്ച് നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ലെന്നാണ് ഓഡിറ്റ് അന്വേഷണം നം. 07/10.04.17 നുള്ള മറുപടിയായി നൽകിയിട്ടുള്ളത്. ആയതിനാൽ അധികാരികളുമായി ബന്ധപ്പെട്ട് വേണ്ട നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഐ.എ.വൈ ഭവന നിർമ്മാണം

കൊടകര ബ്ലോക്ക് പഞ്ചായത്ത് 2014-15, 2015-16 സാമ്പത്തിക വർഷം ഐ.എ.വൈ ഭവന നിർമ്മാണത്തിനായി 7 ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 2014-15 വർഷം 14440263/- രൂപയും 2015-16 വർഷം 13410869/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തുകയും ആയത് സെക്രട്ടറിയുടെ ട്രഷറിയുടെ ബിൽ ബുക്ക് പ്രകാരം പിൻവലിച്ച് ( പുതുക്കാട് ,PNB A/c no 4341000100045697)അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട് . കേന്ദ്ര വിഹിതം ,സംസ്ഥാന വിഹിതം, ജില്ലാ പഞ്ചായത്ത് , ഗ്രാമ പഞ്ചായത്ത് വിഹിതം (7 ഗ്രാമ പഞ്ചായത്തുകളുടെ)എന്നിവയും ലഭിച്ചിട്ടുണ്ട്. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഐ.എ.വൈ പദ്ധതിക്കു ലഭ്യമായ ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

2014-15

| ക്രമ നം | വിഹിതം | വകയിരുത്തിയത് | മുൻബാക്കി | വരവ് | ആകെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | കേന്ദ്രം | 21070000 | 40538092 | 40333030 | 80871122 | 66286541 | 14584581 |
| 2 | സ്റ്റേറ്റ് | 55878126 | 20281765 | 55878126 | 76159891 | 58164536 | 17995355 |
| 3 | ബ്ലോക്ക് | 13239532 | 7928000 | 14440263 | 22368263 | 13580750 | 8787513 |
| 4 | ഗ്രാമം | 7188335 | 4955081 | 10770335 | 15725416 | 11398947 | 4326469 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ജില്ല | 24956753 | 6937000 | 24956753 | 31893753 | 7929625 | 23964128 |

2015-16

| ക്രമ നം | വിഹിതം | വകയിരുത്തിയ തുക | മുൻബാക്കി | വരവ് | ആകെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | കേന്ദ്രം | 25270000 | 14500373 | 5740401 | 20240774 | 17302001 | 2938773 |
| 2 | സ്റ്റേറ്റ് | 5806635 | 17995355 | 5806635 | 23801990 | 22978165 | 823825 |
| 3 | ബ്ളോക്ക് | 13410869 | 8787513 | 13410869 | 22198382 | 13500693 | 8697689 |
| 4 | ഗ്രാമം | 6470000 | 4326469 | 6470000 | 10796469 | 9676000 | 1120469 |
| 5 | ജില്ല | 2509347 | 23964128 | 2509347 | 26473475 | 13998081 | 12475394 |

മേൽ പറഞ്ഞ 3 വിഹിതങ്ങളും താഴെ പറയും പ്രകാരം 3 അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | വിഹിതം | ബാങ്ക് | അക്കൗണ്ട് നം |
|---|---|---|---|
| 1 | കേന്ദ്ര വിഹിതം | എസ്.ബി.ഐ,പുതുക്കാട് | 10465048495 |
| 2 | സംസ്ഥാന വിഹിതം | പി.എൻ.ബി., പുതുക്കാട് | 4341000100070198 |
| 3 | ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്ത് വിഹിതം | --do-- | 4341000100045697 |

ഇപ്രകാരം അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുകകളിൽ നിന്ന് തൻവർഷത്തെ ഗുണഭോക്താക്കൾക്ക് പുറമെ മുൻവർഷങ്ങളിൽ വിവിധ ഘട്ടങ്ങളിലായി ഭവന നിർമ്മാണം പൂർത്തിയാക്കാതെ കിടക്കുന്ന ഗുണഭോക്താക്കൾക്ക്കൂടി തുക അനുവദിച്ചുവരുന്നു. ഓഡിറ്റ് വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യം വച്ച / അനുവദിച്ച വീടുകളുടെയും അതിൽ ഭവന നിർമ്മാണം പൂർത്തികരിച്ചവയുടെയും ഗൃഹ നിർമ്മാണം പൂർത്തികരിക്കാൻ ബാലൻസ് നിൽക്കുന്നവയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | ലക്ഷ്യം വച്ച വീടുകളുടെ എണ്ണം | | | ഭവന നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | | | ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകളുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|
| | SC | GEN | ST | SC | GEN | ST | SC | GEN | ST |
| 2014-15 | 127 | 167 | 7 | 110 | 165 | 2 | 17 | 2 | 5 |
| 2015-16 | 152 | 200 | 9 | 136 | 196 | 5 | 16 | 4 | 4 |

ബ്ലോക്ക് പഞ്ചായത്തിൽ നിന്നു ലഭ്യമായ വിവരമനുസരിച്ച് മേൽ സൂചിപ്പിച്ച പൂർത്തികരിക്കാത്ത ഭവനങ്ങൾ സത്വരം പൂർത്തികരിക്കാൻ വേണ്ട നടപടികൾ കൈകൊള്ളേണ്ടതാണ്. ആശ്രയ വിഭാഗത്തിൽപെടുന്നവരെ ഐ.എ.വൈ ഭവന നിർമ്മാണത്തിന് ഉൾപ്പെടുത്തി പ്രൊജക്ട് ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## **3-2** സർക്കാർ നിർദേശമില്ലാതെ കേന്ദ്രവിഹിതം സംസ്ഥാന വിഹിതത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ 2015-16 സാമ്പത്തിക വർഷം ഐ.എ.വൈ കേന്ദ്ര വിഹിതം നിക്ഷേപിച്ചിരിക്കുന്ന എസ്.ബി.ഐ പുതുക്കാട് ശാഖയിൽ നിന്ന് സംസ്ഥാന സർക്കാറിന്റെ അധിക വിഹിതം നിക്ഷേപിച്ചിരിക്കുന്ന പുതുക്കാട് പഞ്ചാബ് നാഷണൽ ബാങ്കിലെ അക്കൗണ്ടിലേക്ക് 17.12.15 ൽ 50,00000 രൂപ കൈമാറിയിട്ടുണ്ട്. 2013-14 ത്രിതല പഞ്ചായത്തുകൾ ചെലവഴിക്കാൻ സാധ്യതയില്ലാത്ത പ്ലാൻ ഫണ്ട് തുകകൾ, കേന്ദ്ര സംസ്ഥാന ഫണ്ടുകൾ എന്നിവ ഐ.എ.വൈ ഭവന നിർമ്മാണത്തിനായി ചെലവഴിക്കാൻ സർക്കാർ ഉത്തരവ് (സാധാരണ )നം 662/14/ത.സ്വ.ഭ.വ,തിയ്യതി 5.3.2014 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ഇതുപ്രകാരം 2011-12 ലെ ഐ.എ.വൈ വീടുകൾക്ക 75000/- എന്ന നിരക്കിലും 2012-13, 2013-14 ൽ യഥാക്രമം 75000/-, 50000/- എന്ന നിരക്കിലും സംസ്ഥാന സർക്കാർ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ട തുകക്ക് പകരമായി ഉപയോഗിക്കാം എന്നതാണ്. സർക്കാർ ഉത്തരവ് (സാധാരണ )നം 584/15/ത.സ്വ.ഭ.വ, തിയ്യതി 26.02.2015 പ്രകാരം 2014-15 ലെ ചെലവഴിക്കാൻ സാധ്യതയില്ലാത്ത പദ്ധതിപണം ത്രിതല പഞ്ചായത്തുകൾക്ക് ചെലവഴിക്കാം എന്നുണ്ടെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ ചെലവഴിക്കാതെ കിടക്കുന്ന തുക വകമാറ്റി ചെലവഴിക്കാൻ സർക്കാർ നിർദേശിച്ചിട്ടില്ല. 2015-16 സാമ്പത്തിക വർഷം ബാലൻസ് കിടന്ന കേന്ദ്ര വിഹിതം സംസ്ഥാന സർക്കാർ അക്കൗണ്ടിലേക്ക് കൈമാറ്റിയതു സംബന്ധിച്ച് സർക്കാരിൽ നിന്ന് അനുവാദം കിട്ടുകയോ റീക്കൂപ്പ് ചെയ്യുതാണെങ്കിൽ ആ വിവരവും അന്വേഷിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് നൽകിയ മറുപടി പ്രകാരം 31.12.15 ലെ 16ാം നമ്പർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം നിർദേശിക്കുകയും സെക്രട്ടറി ആയതിന് വിയോജനകുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ വിവരം സംബന്ധിച്ച് സർക്കാരിലേക്ക് എഴുതി അറിയിച്ചെങ്കിലും മറുപടി ലഭ്യമാകാത്തതിനാൽ കേന്ദ്ര വിഹിതം നൽകുന്നതിന് ആവശ്യമായ തുക കഴിച്ച് ബാക്കി സംസ്ഥാന സർക്കാരിലേക്കുമാറ്റുകയും സംസ്ഥാന സർക്കാർ വിഹിതം ലഭ്യമാകുന്ന മുറക്ക് കേന്ദ്രഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യാമെന്ന് തീരുമാനമെടുക്കുയും ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെയും റീ കൂപ്പുചെയ്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച് സർക്കാർ അനുമതി ലഭ്യമാക്കുകയോ സർക്കാർ ഫണ്ട് ലഭ്യമാകുന്ന മുറക്ക് റീകൂപ്പ് ചെയ്ത് അറിയിക്കേണ്ടതാണ്.

## 3-3 <u>നിർമ്മൽ ഗ്രാമ പുരസ്കാർ അവാർഡ് തുക വിനിയോഗിച്ചിട്ടില്ല</u>

2014-15, 2015-16 സാമ്പത്തിക വർഷം കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ട്സുകൾ പരിശോധിച്ചതിൽ 31.03.2016 ന്

ടി .എസ്.സി യുടെ പഞ്ചാബ് നാഷണൽ ബാങ്ക് പുതുക്കാട് ശാഖയിലുള്ള സേവിംങ്ങ് ബാങ്ക് അക്കൗണ്ടിൽ 2564760/- രൂപ അവശേഷിക്കുന്നതായി കാണുന്നു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ SM(എ)186/09, തിയ്യതി 01.03.2010 അനുസരിച്ച് 2008 നിർമ്മൽ ഗ്രാമ പുരസ്കാരം അവാർഡ് തുക 1900000/- രൂപ ആദ്യ ഗഡു ആയും ബാക്കി 1 ലക്ഷം രൂപ രണ്ടാം ഗഡു ആയും നൽകിയിട്ടുണ്ട്. 01.03.2011 ലെ ജി.ഇ(ഒ) 136/16 /11 അനുസരിച്ച് ഈ അവാർഡ് തുക വിനിയോഗത്തിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇതുവരെയും വിനിയോഗിച്ചതായി കാണുന്നില്ല. ആയതിന്റെ വിനിയോഗത്തിനായി എടുത്ത തീരുമാനങ്ങളും നിലവിലെ സ്ഥിതിയും അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ തുകയുടെ വിനിയോഗം കഴിയുന്നമുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 <u>2014-15,2015-16ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തികരിക്കേണ്ടതാണ്</u>

2014-15, 2015-16 സാമ്പത്തിക വർഷം ഐ.എ.വൈ ഭവന നിർമ്മാണത്തിനായി ഒന്നോ രണ്ടോ ഗഡുക്കൾ കൈപ്പറ്റിയതും എന്നാൽ ഗൃഹ നിർമ്മാണം പൂർത്തികരിക്കാത്തതുമായ ഗുണഭോക്താക്കൾ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 7 പഞ്ചായത്തുകളിലും ഉണ്ട്. ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

2014-15

| ക്രമ നം | പഞ്ചായത്ത് | പേരു വിവരം | നൽകിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|---|
| 1 | കൊടകര | നല്ലമ്മ ചാത്തുകുട്ടി,തലപ്പിള്ളി | 139500 | 200000 | 60500 |
| 2 | മറ്റത്തൂർ | പ്രീത ഭരതൻ, മുല്ലശ്ശേരി | 32000 | -do- | 168000 |
| 3 | -do- | നിസ്സി ലിജി, പുഴക്കരയിൽ | 32000 | -do- | -do- |
| 4 | വരന്തരപ്പിള്ളി | പാറു കൊത്ത, മലയൻ വീട് | 27500 | 250000 | 32500 |
| 5 | -do- | വള്ളിയമ്മ ആട്ടുകൂട്ടം | 49500 | 200000 | 150500 |
| 6 | -do- | ഓമന സുരേഷ് ബാബു | 49500 | 200000 | 150500 |

2015-16

| ക്രമ നം | പഞ്ചായത്ത് | പേരു വിവരം | നൽകിയ തുക | അനുവദിച്ച തുക | ബാലൻസ് നിൽക്കുന്ന തുക |
|---|---|---|---|---|---|
| 1 | പുതുക്കാട് | ഉഷ സുധാകരൻ | 17500 | 300000 | 227500 |
| 2 | നെന്മണിക്കര | രാധിക അനിൽ | -do- | -do- | -do- |
| 3 | -do- | പ്രീത അനിൽ,പണിയത്ത് വീട് | 119500 | 300000 | 180500 |
| 4 | -do- | ലീല രാഘവൻ, ചിറ്റിലശ്ശേരി | 190000 | 300000 | 110000 |
| 5 | -do- | രാധ.സി.എം | 119500 | 300000 | 180500 |
| 6 | തൃക്കൂർ | Viskrithan കൊച്ചു,ഒടിക്കാപറമ്പിൽ | 91500 | 300000 | 208500 |
| 7 | -do- | സീത കൊച്ചുമോൻ | 17500 | 300000 | 282500 |
| 8 | അളഗപ്പനഗർ | ധന്യ സേതുമാധവൻ | 169500 | 300000 | 130500 |
| 9 | കൊടകര | ഉഷ കൃഷ്ണദാസ് | 17500 | 300000 | 282500 |
| 10 | മറ്റത്തൂർ | മല്ലിക സുന്ദരൻ,വടക്കേക്കാട് | 179500 | 300000 | 120500 |
| 11 | -do- | വള്ളിയമ്മ സുബ്രൻ | 159500 | 300000 | 140500 |
| 12 | വരന്തരപ്പിള്ളി | ഇയാത്തു കുഞ്ഞിപ്പോക്കർ | 49500 | 200000 | 150500 |
| 13 | -do- | വള്ളിയമ്മ വേലായുധൻ | 91500 | 300000 | 208500 |
| 14 | - do - | ശാന്ത വേലായുധൻ | 17500 | 300000 | 282500 |

മേൽ സൂചിപ്പിച്ചവർ ഐ.എ.വൈ ഭവന നിർമ്മാണം പൂർത്തികരിക്കാൻ വേണ്ട നടപടികൾ സത്വരം സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 3-5 ആനുകൂല്യങ്ങൾ നിർദ്ധനർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ - SCDO

പ്രൊജക്ട് നം. (ഏ 108/15) - മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നതിനുള്ള ധനസഹായം (2014-15)

വികസന ഫണ്ട് - 475000

ട്രഷറി ബിൽ നം./തിയ്യതി - B-1/14-15 dt. 10.04.15 – 325000

,, B-2/14-15 dt. 10.04.15 - 50000

375000

മേൽപ്പറഞ്ഞ പ്രൊജക്ടിനായി 31.10.14ലെ വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകൾ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളുടെ ഗ്രാമസഭകളിൽ അംഗീകരിച്ച് 18.03.15ലെ 16-ാം നമ്പർ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ട് അർഹതാ മാനദണ്ഡപ്രകാരം ഗുണഭോക്താക്കൾ BPL വിഭാഗത്തിൽ ഉൾപ്പെട്ടവരായിരിക്കണം. ജി.ഒ.(എം.എസ്.)362/13 തിയ്യതി 16.12.13 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുമ്പോൾ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രൊജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ ധനസഹായം അനുവദിക്കപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ നിർദ്ധനരായി പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തവരാണെന്നു കാണുന്നു.

| ക്രമ നം. | ഗുണഭോക്താവ് | റേഷൻ കാർഡ് നം. | റിമാർക്സ് |
|---|---|---|---|
| 1 | ഡോ.അരുൺ.കെ.എ., കോടശ്ശേരി ഹൗസ് വെള്ളിക്കുളങ്ങര | 1843114108 DDNo.764695/2.4.15 ₹ 50000/- | ഒറീസയിലെ കട്ടക്കിൽ M.S. ജനറൽ സർജറി പി.ജി. സ്റ്റുഡന്റ് |
| 2 | വിവേക്.പി.വി., S/oവിജയൻ.പി.കെ., പുലിക്കോടൻ ഹൗസ് | 1843139762 DD No. 764703/2.4.15 ₹ 25000/- | വരുമാന സർട്ടിഫിക്കറ്റ് പ്രകാരം വരുമാനം 523620/- (No.8410671/6.10.14) റേഷൻ കാർഡിൽ പി.കെ.വിജയൻ, ഗവ. ജീവനം |
| 3 | അരുൺ. കെ.എം., കുറുപ്പത്ത് പറമ്പിൽ | DD No. 764851/7.4.15 ₹ 25000/- | 6837641/27.06.14 നമ്പർ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം വരുമാനം ₹ 405674/- |
| 4 | ആതിര. ടി. ചന്ദ്രൻ, D/o ടി. ചന്ദ്രൻ, തലക്കാട്ടിൽ ഹൗസ്, | 1843197839 DD No. 764852/7.4.15 ₹ 25000/- | റേഷൻ കാർഡ് പ്രകാരം ടി.കെ. ചന്ദ്രൻ, ഗവ. ജീവനം |

| | | | | |
|---|---|---|---|---|
| | | തേശ്ശേരി | | |

ഇപ്രകാരം അനർഹർക്ക് ആനുകൂല്യം നൽകുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതും, ആനുകൂല്യങ്ങൾ അർഹരായവർ മാത്രം കൈപ്പറ്റുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-6 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തീകരിക്കുന്നതിനു മുൻപെ സബ്സിഡി തുക പൂർണ്ണമായും അനുവദിച്ചു.

പ്രൊജക്ട് നം. S 00117/16 (2015-16)

നിർവ്വഹണ ഉദ്യോഗസ്ഥൻ - SCDO

ട്രഷറി ബിൽ നം. - 2/15-16 dt. 27.2.16 – 58000

,, 6/15-16 dt. 29.3.16 – 38000

96000

ജി.ഒ.(ആർ.ടി)626/2016 ത.സ്വ.ഭ.വ 19.02.16 ഉത്തരവു പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് താഴെ പറയുന്ന നിബന്ധനകളോടെ ധനസഹായം അനുവദിക്കാവുന്നതാണ്.

1. നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 800 ചതുരശ്ര അടിയിൽ താഴെ ആയിരിക്കേണ്ടതാണ്.
2. നിർമ്മിക്കുന്ന പഠനമുറി കുറഞ്ഞത് 120 ചതുരശ്ര അടി ഉണ്ടായിരിക്കേണ്ടതാണ്.
3. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയർ അളവെടുത്ത് പരമാവധി 1 ലക്ഷം രൂപവരെ അനുവദിക്കാവുന്നതാണ്.

മേൽ പ്രോജക്ട് പ്രകാരം നെന്മണിക്കര ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താവായ പാലിയൻ കുട്ടപ്പൻ മകൾ വനജ എന്നിവർ VII/254 നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സംബന്ധിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം, പഠനമുറി നിർമ്മാണവുമായി ബന്ധപ്പെട്ട് തറവിസ്തീർണ്ണം സംബന്ധിച്ച NOC, സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ആധികാരികമാക്കുന്ന ഫോട്ടോകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് എഞ്ചിനീയറുടെ വാല്യുവേഷനിൽ 98000/- രൂപ രേഖപ്പെടുത്താനും (partially completed -Roof Slab completed) ആയതുപ്രകാരം 96000/- രൂപ അനുവദിച്ചതായും കാണുന്നു. പഠന മുറി നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതും നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 96000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 1/7.4.17)

## 3-7 സംയോജിത നെൽകൃഷി വികസനം - തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. (2014-15)

പ്രോജക്ട് നം. - S 0013/15 (2014-15)

നിർവ്വഹണോദ്യോഗസ്ഥൻ - ADA

സംയോജിത നെൽകൃഷി വികസന പദ്ധതിക്കുവേണ്ടി വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന് അനുവദിച്ച 405000/- രൂപയിൽ (DD No. 656956/29.9.14 – 324000, 659625/5.3.15 – 81000) 4/6/15ലെ No. A.324/13 വിനിയോഗ സാക്ഷ്യപത്രം 4,03984/- രൂപ മാത്രമേ വിനിയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളൂ. ബാക്കി 1016/- രൂപ ട്രഷറിയിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. (2015-16)

പ്രോജക്ട് നം. - S 101/16

വികസന ഫണ്ട് - 1500000

ട്രഷറി ബിൽ നം. - 1/15-16 തിയ്യതി 11.2.16 - 1106300

a) ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരികെ അടവാക്കിയിട്ടില്ല.

നെന്മണിക്കര, അളഗപ്പനഗർ ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം തുക കൈമാറിയെങ്കിലും വിനിയോഗ സാക്ഷ്യപത്ര പ്രകാരം തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല.

| ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|
| നെന്മണിക്കര | DD No. 467320/12.2.16 – 150000 | 107000 | 43000 |
| അളഗപ്പനഗർ | DD No. 467318/18.2.16 – 150000 | 142175 | 7825 |

മേൽ പ്രകാരം ചെലവഴിക്കാതെ ശേഷിക്കുന്ന തുക ട്രഷറിയിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

b) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ പ്രോജക്ട് പ്രകാരം മറ്റത്തൂർ, കൊടകര ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത് | അനുവദിച്ച തുക |
|---|---|
| മറ്റത്തൂർ | 200000 (467316/18.2.16) |
| കൊടകര | 150000 (467317/18.2.16) |

മേൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

## 3-9 വയോജന ക്ഷേമം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം. - S 0060/16 (2015-16)

നിർവ്വഹണോദ്യോഗസ്ഥൻ - സി.ഡി.പി.ഒ.

ട്രഷറി ബിൽ നം./തിയ്യതി 2/15-16 തിയ്യതി 11.2.16 – 100000/-

തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 'വയോജന ക്ഷേമ പ്രവർത്തനങ്ങൾ നടത്തൽ' എന്ന പ്രോജക്ടിന്റെ

നടത്തിപ്പിനായി (പ്രോജക്ട് നം. 131/06) ബ്ലോക്ക് വിഹിതമായി വകയിരുത്തിയ 100000/- രൂപ ഡി.ഡി. നം. 467220/15.2.16 പ്രകാരം തൃക്കൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവുതുക തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 3/7.4.17)

## 3-10 മരുന്നു വാങ്ങലുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല. (2014-15)

പ്രോജക്ട് നം. S 11/15 - മരുന്നു വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, CHC, മറ്റത്തൂർ

കൊടകര ബ്ലോക്ക് പരിധിയിലെ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് മരുന്നു വാങ്ങലിനായി ട്രഷറി ബിൽ നം. 16/17.1.15 പ്രകാരം 30000/- രൂപ പിൻവലിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, തൃശ്ശൂരിന് (DD No. 658391/17.1.15) നൽകിയിട്ടുണ്ട്. എന്നാൽ Invoice No. 63244/22.12.14 പ്രകാരമുള്ള 22732/- രൂപയുടെ മരുന്നിന്റെ ബിൽ, സ്റ്റോക്ക് എൻട്രി വരുത്തിയതായാണ് ഫയലിൽ കാണുന്നത്.

ട്രഷറി ബിൽ പ്രകാരം അനുവദിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 30000/- തടസ്സപ്പെടുത്തുന്നു.

## 3-11 മരുന്നു വാങ്ങൽ - മരുന്നുകൾ മുഴുവനായും ലഭിച്ചിട്ടില്ല (2015-16)

പ്രോജക്ട് നം. 58/16

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, CHC മറ്റത്തൂർ

മരുന്നു വാങ്ങൽ, പെയിൻ & പാലിയേറ്റീവ് കെയർ പ്രോജക്ടുകൾക്കായി മരുന്നു വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തുകകൾ മുൻകൂറായി സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മുൻകൂറായി നൽകിയ തുകയ്ക്കുള്ള മരുന്നുകൾ മുഴുവനായും സ്ഥാപനത്തിന് ലഭിച്ചിട്ടില്ല.

| പ്രോജക്ട് നം. | പേര് | ട്രഷറി ബിൽ നം./ തിയ്യതി | അനുവദിച്ച തുക | നാളിതുവരെ ലഭിച്ച മരുന്നുകൾ | ബാക്കി ലഭിക്കാനുള്ളത് |
|---|---|---|---|---|---|
| 58/16 | മരുന്നു വാങ്ങൽ | 2/28.3.16 | 224065/- PRF-3861/16.3.16 | 203496 | 20569 |
| 58/16 | ,, | 4/31.3.16 | 250000/- (PRF 144/26.3.16) | 195443/- | 54557/- |
| 59/16 | പെയിൻ & പാലിയേറ്റീവ് | 8/20.2.16 | 62400/- (PRF-082/29.1.16 | 42865/- | 19535/- |
| | | | | ആകെ | 94661 |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 മരുന്നു വാങ്ങൽ - ചെലവിനാധാരമായ രേഖകൾ

## ഹാജരാക്കിയിട്ടില്ല. (2015-16)

പ്രോജക്റ്റ് നം. - 58/16

അടങ്കൽ – 4,00,000/-

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, CHC, മറ്റത്തൂർ

2015-16 സാമ്പത്തിക വർഷം മരുന്ന് വാങ്ങൽ പ്രോജക്റ്റിനായി റോഡിതര സംരക്ഷണ ഗ്രാന്റിൽ 400000/- രൂപ വകയിരുത്തുകയും പ്രൊഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്റ്റിനുവേണ്ടി ട്രഷറി ബിൽ നം. 2/14.10.15 പ്രകാരം 25935/- രൂപ പിൻവലിച്ചിട്ടുണ്ട്. ആയത് 14.10.15ൽ ക്യാഷ്ബുക്കിൽ വരവായി ചേർത്തിട്ടുമുണ്ട്.

ക്യാഷ് ബുക്കിൽ ഈ തുക ചെലവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മരുന്ന് വാങ്ങിയതുമായി ബന്ധപ്പെട്ട ബില്ലുകളോ, സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീതിയോ, മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരമോ ഹാജരാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 25935/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 14/12.4.17)

## 3-13 സോളാർ പാനൽ സ്ഥാപിക്കൽ - തിരികെ ലഭിച്ച തുക ട്രഷറിയിൽ അടവാക്കേണ്ടതാണ്. (2014-15)

പ്രോജക്റ്റ് നം. S 1142/15 – ബ്ലോക്ക് ഓഫീസർ 3KV സോളാർ പാനൽ സ്ഥാപിക്കുന്നതിന് തുക നൽകൽ

നിർവ്വഹണം - സെക്രട്ടറി

ട്രഷറി ബിൽ നം. 19/14-15 തിയ്യതി 12.12.14, തുക – 627000/-

2013-14 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ 3KW സോളാർ പാനൽ സ്ഥാപിക്കുന്നതിന് DDNo. 987859/12.03.14 പ്രകാരം 600000/- രൂപയും, 987860/12.03.14 പ്രകാരം 27000/- രൂപയും ANERTൽ അടവാക്കിയിരുന്നു. 2014-15 സാമ്പത്തികവർഷം മേൽ പരാമർശിച്ച പ്രോജക്റ്റ് പ്രകാരം ഡിഡിനം. 501756/12.12.14 പ്രകാരം 6,27,000/- രൂപ ANERTൽ വീണ്ടും ഡെപ്പോസിറ്റ് ചെയ്യുകയും പ്ലാന്റിന്റെ ശേഷി 6KW ആയി ഉയർത്തുകയും ചെയ്തു.

12.08.15ലെ ANERTന്റെ No. 109/SPV/KBP/ANERT/2015 കത്ത് പ്രകാരം 8,27,662/- രൂപ ചെലവഴിച്ചതായി ബിൽ സമർപ്പിച്ചിട്ടുണ്ട്. ബാക്കി തുക 3,12,378/- ചെക്ക് നം. 840991/22.03.17 പ്രകാരം സ്ഥാപനത്തിൽ ലഭിച്ചിട്ടുണ്ടെങ്കിലും ആയത് ബ്ലോക്ക് പഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.പി. അക്കൗണ്ട് നം. 72305140000009ൽ 05.04.17ൽ നിക്ഷേപിച്ചിരിക്കുകയാണ്. മേൽപ്പറഞ്ഞ തുക ട്രഷറിയിൽ തിരികെ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 8/10.04.17).

## 3-14 ഐ.കെ.എം.ന് സാങ്കേതിക സഹായം - കൈപ്പറ്റ് രസീതി ലഭിച്ചിട്ടില്ല. (2014-15)

പ്രോജക്റ്റ് നം. S 07/15

നിർവ്വഹണം - സെക്രട്ടറി

ട്രഷറി ബിൽ നം./തിയ്യതി - 20/14-15 തിയ്യതി 12.12.14, 2,02,200/- രൂപ

ഐ.കെ.എം.ന് സാങ്കേതിക സഹായം നൽകുന്നതിനായി ട്രഷറി ബിൽ പ്രകാരം പിൻവലിച്ച തുക DDNo. 501757/12.12.14 പ്രകാരം IKM, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ കൈപ്പറ്റ് രസീതി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രസീതി ലഭ്യമാക്കുന്നതുവരെ ചെലവു തുക 2,02,200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 ഗ്രന്ഥശാല പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം - സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കി. (2015-16)

പ്രോജക്ട് നം. S 0052/16

ട്രഷറി ബിൽ നം. 27/15-16 തിയ്യതി 23.12.15 - 475000/-

ട്രഷറി ബിൽ നം. 28/15-16 തിയ്യതി 23.12.15 - 225000/-

ട്രഷറി ബിൽ നം. 41/15-16 തിയ്യതി 29.02.16 - 50000/-

750000/-

കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള കൊടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 30 വായനശാലകൾക്ക് ആവശ്യമായ പുസ്തകങ്ങൾ വാങ്ങി നൽകുന്നതിനായി ഒരു വായനശാലയ്ക്ക് 25000/- രൂപ വീതം വകയിരുത്തി പ്രോജക്ട് തയ്യാറാക്കി.

സ.ഉ.(സാധാ) നം. 2148/2014/ത.സ്വ.ഭ.വ.(ഡി.എ) തിയ്യതി 19.8.14 ഉത്തരവു പ്രകാരം ലൈബ്രറികൾക്ക് ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ വാങ്ങി നൽകുന്നതിനുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു.

പ്രോജക്ട്, സർക്കാർ ഉത്തരവ് എന്നിവയിൽ നിന്നും വിഭിന്നമായി 30 ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകുന്നതിനു പകരം ഗ്രന്ഥശാലകൾ പുസ്തകങ്ങൾ വാങ്ങുകയും, ആവശ്യമായ രേഖകൾ ബ്ലോക്ക് പഞ്ചായത്തിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥശാലകൾക്ക് 25000/- രൂപ അനുവദിക്കുകയുമാണ് ചെയ്തിരിക്കുന്നത്. സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതും, അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

## 3-16 ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ആശുപത്രികളിൽ സോളാർ പാനൽ സ്ഥാപിക്കൽ - സോളാർ പാനൽ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. (2015-16)

പ്രോജക്ട് നം. - S 122/15

ട്രഷറി ബിൽ നം./തിയ്യതി - 50/15-16 തിയ്യതി 30.3.16 14,85,000/-

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള പുതുക്കാട് താലൂക്ക് ആശുപത്രി, മറ്റത്തൂർ സാമൂഹികാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ യഥാക്രമം 6KW, 3KW സോളാർ PV പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ANERTൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഡിഡി നം. 470135/4.4.16 പ്രകാരം 14,85,000/- രൂപ ANERTൽ ഡെപ്പോസിറ്റ് ചെയ്തു.

മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും ANERT മായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് 15.7.16ൽ മാത്രമാണ്. കരാറിലേർപ്പെട്ടതിനു ശേഷം മാത്രം അനുവദിക്കേണ്ട മുൻകൂർ തുക സാമ്പത്തിക വർഷം പദ്ധതി പണത്തിന്റെ വിനിയോഗ ശതമാനം വർദ്ധിപ്പിച്ചു കാണിക്കുന്നതിനു മാത്രമായി മാർച്ച് മാസാവസാനം പിൻവലിച്ച് ANERTൽ നിക്ഷേപിച്ച നടപടി ശരിയല്ല. നടപടിക്രമങ്ങൾ യഥാവിധി പാലിക്കുവാൻ

ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. കരാർ വ്യവസ്ഥ 4 പ്രകാരം കരാർ തിയ്യതി മുതൽ 12 മാസത്തിനകം പവ്വർ പ്ലാന്റ് സ്ഥാപിച്ച് നൽകുമെന്നാണ്. പവ്വർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ANERT നാളിതുവരെ സ്വീകരിച്ച് തുടങ്ങിയിട്ടില്ല.

പുതുക്കാട് താലൂക്ക് ആശുപത്രി, മറ്റത്തൂർ സാമൂഹികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ ANERT നടത്തിയ പഠന റിപ്പോർട്ട് പ്രകാരം (Technical Summary, Estimate and implementation Methology for off Grid Solar Photovoltaic Power Plant) ഗവൺമെന്റ് സബ്സിഡി 30% ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ആയതുപ്രകാരം സബ്സിഡി ലഭ്യമാക്കുന്നതിനും പവ്വർ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പവർപ്ലാന്റ് സ്ഥാപിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 14,85,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 വനിത സംഘങ്ങൾക്ക് കാർഷിക യന്ത്രവത്ക്കരണം

പ്രോജക്ട് നം. S 0068/15 (2014-15)

വികസന ഫണ്ട് - 10,00,000/-

നിർവ്വഹണം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ട്രഷറി ബിൽ നം./തിയ്യതി -5/14-15 തിയ്യതി 24.03.15 – 468335

,, - 6/14-15 തിയ്യതി 24.3.15 – 531665

1000000

പരിശീലനം ലഭിച്ച ഗ്രൂപ്പുകൾക്ക് യന്ത്രങ്ങൾ വാങ്ങി വിതരണം നടത്തുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടതെങ്കിലും സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)362/13 തിയ്യതി 16.11.13 പ്രകാരം പ്രോജക്ട് നിർവ്വഹണം ഗ്രാമപഞ്ചായത്തിനായിരിക്കണം എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച റിക്വിസിഷൻ അടിസ്ഥാനത്തിൽ പുതുക്കാട് - 74250/-, വരന്തരപ്പിള്ളി - 150585/-, മറ്റത്തൂർ (1) – 243500/-, മറ്റത്തൂർ (2) – 3,71,665/- എന്നിങ്ങനെ തുക കൈമാറുകയും ഗ്രാമപഞ്ചായത്തുകൾ പദ്ധതി നിർവ്വഹിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയെങ്കിലും യന്ത്രങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ഇൻവോയ്സ്, ബില്ലുകൾ, യന്ത്രങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ടിൽ വകയിരുത്തിയ 1,60,000/- രൂപ വരന്തരപ്പിള്ളി, മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളിലെ 16 ഗുണഭോക്താക്കൾക്ക് (16x10000=160000) യന്ത്രങ്ങളുടെ പരിശീലനത്തിനായി അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ, മണ്ണുത്തി എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. എന്നാൽ ഈ ഗുണഭോക്താക്കളെ (DDNo. 764227/30.3.15) ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതായോ, ഗ്രാമസഭ അംഗീകരിച്ചതായോ കാണുന്നില്ല. കൂടാതെ ട്രെയിനിംഗിനായി തെരഞ്ഞെടുത്ത 16 ഗുണഭോക്താക്കളിൽ 3 പേർ പരിശീലനത്തിൽ നിന്നും പിൻമാറിയതിനാൽ പരിശീലന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുമില്ല. ഇപ്രകാരം ട്രെയിനിംഗിന് താല്പര്യമില്ലാത്ത വ്യക്തികളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതിലൂടെ പദ്ധതി പണത്തിലെ 30000/- രൂപ പാഴ്ച്ചെലവായി മാറിയിരിക്കുന്നു. തുക കൈപ്പറ്റിയ സ്ഥാപനം തുക പൂർണ്ണമായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ആയതിനാൽ 30,000/- രൂപ തടസ്സപ്പെടുത്തുന്നു.

കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്ത ഗ്രൂപ്പുകൾ യഥാവിധി ആയവ പരിപാലിക്കുന്നുണ്ടെന്ന് മോണിറ്റർ ചെയ്യേണ്ടതാണ്.

## 3-18 45 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച പട്ടികജാതി

## വനിതവ്യവസായപാർക്ക് പ്രവർത്തനം ആരംഭിച്ചിട്ടില്ല

2012-13 ൽ ആരംഭിച്ച 'പട്ടികജാതി വനിതവ്യവസായപാർക്ക് നിർമ്മാണം' എന്ന പ്രൊജക്റ്റ് പൂർത്തിയാക്കിയെങ്കിലും വ്യവസായയൂണിറ്റുകളൊന്നും ആരംഭിക്കാൻ കഴിയാതെ അടച്ചിട്ടിരിക്കുകയാണ്. വിവിധ പ്രൊജക്റ്റുകളിലായി 31.3.16 വരെ 45 ലക്ഷത്തോളം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | വകയിരുത്തിയ ഫണ്ട് ₹ | ട്രഷറി ബിൽ നം./തിയതി | തുക₹ |
|---|---|---|---|---|
| 1. | 84/13,95/14 (സ്പിൽ ഓവർ) | പട്ടികജാതി വികസനഫണ്ട് 2900000 | 2/21.6.13<br>20/26.3.14<br>26/31.3.14 | 850030<br>1521899<br>458621 |
| 2. | 47/15,65/16 (സ്പിൽ ഓവർ) | പട്ടികജാതി വികസനഫണ്ട് 1200000 | 8/12.2.15<br>20/21.3.15<br>31/31.3.15<br>10/31.10.15 | 332500 (KSEB)<br>310575<br>361029<br>156477 |
| 3. | 120/16 | വികസനഫണ്ട് 500000 | 50/31.3.16 | 488800 |
| ആകെ | | | | 4479931 |

വ്യവസായപാർക്കിന്റെ ഉദ്ഘാടനം 5.9.15 ൽ നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും ഒരു വ്യവസായയൂണിറ്റ് പോലും ആരംഭിക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാന വൈദ്യുതി ബോർഡിൽ 332500 രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും യൂണിറ്റുകൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വൈദ്യുതികണക്ഷൻ നൽകിയിട്ടില്ല. വ്യവസായയൂണിറ്റുകൾ ആരംഭിക്കാൻ തത്പരരായ പട്ടികജാതി യൂണിറ്റുകളെ കണ്ടെത്താനും വ്യവസായപാർക്കിന്റെ പ്രവർത്തനം ആരംഭിക്കാനുമുള്ള ക്രിയാത്മകനടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം 45 ലക്ഷം രൂപയുടെ ചെലവ് പാഴായി തീരുന്നതാണ്.

## 3-19 കരയാംപാടം ലിഫ്റ്റ് ഇറിഗേഷൻ- അപാകതകൾ

പ്രൊജക്റ്റ് നമ്പർ : 57/15,69/16

അടങ്കൽ : 556000( വികസനഫണ്ട്- 500000; ഗുണഭോക്തൃവിഹിതം- 56000)

ചെലവഴിച്ച തുക : ട്ര.ബി.28/31.3.15; 110532

ട്ര.ബി.44/31.3.16; 366164

ചെക്ക് നം.2515568/28.3.16; 56000

532696

വരന്തരപ്പിള്ളി പഞ്ചായത്തിൽ നിലവിലുള്ള തോടിൽ നിന്നും 15 എച്ച്.പി.മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്ത് 140 എം.എം. പി.വി.സി. പൈപ്പിലൂടെ 280 മീറ്റർ നീളത്തിലും 125 എം.എം. ജി.ഐ. പൈപ്പിലൂടെ 12 മീറ്റർ നീളത്തിലും പാടത്തേക്ക് എത്തിക്കുന്നതിനും പമ്പ് ഹൗസ് നിർമ്മിക്കുന്നതിനുമുള്ള ഇനങ്ങളാണ് പ്രൊജക്റ്റിൽ

വിഭാവനം ചെയ്തിരിക്കുന്നത്. പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മോട്ടോർ പമ്പ് സെറ്റിൽ നിന്നും പാടശേഖരത്തിലേക്കുള്ള പൈപ്പ് ലൈൻ ഒരു സ്വകാര്യ വ്യക്തിയുടെ ഭൂമിയിലൂടെ സ്ഥാപിച്ചതായാണ് കാണുവാൻ കഴിഞ്ഞത്. എന്നാൽ വ്യക്തിയുടെ സമ്മതപത്രമോ വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളോ ഫയലില്ല.
2. ഈ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ് ഹൗസ് നിൽക്കുന്ന സ്ഥലം വരന്തരപ്പിള്ളി പഞ്ചായത്തിന്റേതാണെന്നു തെളിയിക്കുന്ന രേഖകളൊന്നും ഫയലില്ല.
3. നിർമ്മാണത്തിനുശേഷം പദ്ധതി പഞ്ചായത്തിന് കൈമാറുകയോ തുടർ പ്രവർത്തനം ഗുണഭോക്തൃസമിതിക്ക് ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 വൃദ്ധസദനം പ്രവർത്തിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

2012-13 ലാണ് വൃദ്ധസദനം നിർമ്മാണം ആരംഭിച്ചത്. 31.3.16 വരെയായി 16 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വൃദ്ധസദനം നാളിതുവരെയായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. വൃദ്ധസദനം നിർമ്മാണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ | വകയിരുത്തിയ ഫണ്ട് ₹ | ട്രഷറി ബിൽ നം./തിയതി | തുക₹ |
|---|---|---|---|---|
| 1. | 89/13,102 /14,33/15 | 1189924 | 6/29.8.13 | 216695 |
| | | | 19/26.3.14 | 441476 |
| | | | 3/27.8.14 | 524031 |
| 2. | 48/15,66/16 | 500000 | 21/21.3.15 | 98632 |
| | | | 11/31.10.15 | 321454 |
| ആകെ | | | | 1602288 |

വൃദ്ധസദനത്തിന്റെ ഉദ്ഘാടനം 4.9.15 ന് നടത്തിയതായി കെട്ടിടത്തിൽ സ്ഥാപിച്ച ശിലാഫലകത്തിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനസമയത്ത് ഏതാനും വൃദ്ധജനങ്ങളെ വൃദ്ധസദനത്തിൽ കാണുവാൻ കഴിഞ്ഞെങ്കിലും ഇവരൊന്നും അവിടത്തെ അന്തേവാസികളാണെന്ന തെളിയിക്കുന്ന രേഖകളൊന്നും ലഭ്യമായില്ല. വൃദ്ധസദനത്തിലേക്കുള്ള വൈദ്യുതിബന്ധം വിച്ഛേദിച്ച അവസ്ഥയിലായിരുന്നു. ടെലിവിഷൻ, ഫ്രിഡ്ജ് തുടങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കാതെ സൂക്ഷിച്ചുവച്ചിരിക്കുകയാണ്. ജലലഭ്യതക്ക് സ്വന്തമായ കിണറോ പൈപ്പ് വാട്ടർ കണക്ഷനോ ഇല്ല. വൃദ്ധസദനം ബ്ലോക്ക് പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്താണ് നിർമ്മിച്ചതെന്ന് അറിയിച്ചെങ്കിലും ഇതു സംബന്ധിച്ച രേഖകളൊന്നും ലഭ്യമായില്ല. വൃദ്ധസദനം നടത്തിപ്പ് സംബന്ധിച്ച് നിയമാവലിയും തയ്യാറാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ 66/16 പ്രകാരം വൃദ്ധസദനത്തിന്റെ പൂർത്തീകരണപ്രവൃത്തിക്ക് 2015-16 ൽ 321454 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ അളവുപുസ്തകമായ നം.59/13-14 ന്റെ പേജ് നം 48 ൽ ഇനം 9 പ്രകാരം 15 എം.എം. SDB ടാപ്പുകൾ 3 എണ്ണം സ്ഥാപിച്ചതിന് ഒന്നിന് 245 രൂപ നിരക്കിൽ 735 രൂപ കണക്കാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഭൗതികപരിശോധനസമയത്ത് ടാപ്പുകൾ സ്ഥാപിച്ചതായി കണ്ടില്ല. അളവുപുസ്തകത്തിന്റെ പേജ് നം.35 ൽ ഈയിനം അസി.എഞ്ചിനീയർ 10.8.15 നം അളവെടുത്തതായും 11.8.15 ൽ അസി.എക്സി.എഞ്ചിനീയർ മേൽപരിശോധന നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ചെയ്യാത്ത ഇനങ്ങൾക്ക് അളവ് രേഖപ്പെടുത്തി തുക നൽകിയതായി പരിശോധനയിൽ കാണുന്നു. ആയതിനാൽ വൃദ്ധസദനത്തിന്റെ നിർമ്മാണത്തിൽ ഇത്തരത്തിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക നൽകിയിട്ടുണ്ടോ എന്നത്

പരിശോധന നടത്തേണ്ടതാണ്. ചെയ്യാത്ത ഇനങ്ങൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തി തുക നൽകിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കേണ്ടതും അധികം നൽകിയ 735/- രൂപ തിരികെ ഈടാക്കേണ്ടതുമാണ്. വൃദ്ധസദനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സത്വരനടപടികളും ഉടനടി സ്വീകരിക്കേണ്ടതാണ്.

## 3-21 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

2014-15, 2015-16 വർഷങ്ങളിൽ നിർമ്മാണം പൂർത്തിയാക്കിയ താഴെ പറയുന്ന കെട്ടിടങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഈ കെട്ടിടങ്ങൾ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിന്റെ രേഖകളും ലഭ്യമായില്ല.

1. പട്ടികജാതി വനിതവ്യവസായപാർക്ക്
2. വൃദ്ധസദനം
3. ഹാഡാ മാർക്കറ്റ് കെട്ടിടം
4. കരയാംപാടം ലിഫ്റ്റ് ഇറിഗേഷൻ -മോട്ടോർ ഷെഡ്
5. വേലൂപ്പാടം എസ്.സി.കോളനി സാംസ്കാരികനിലയം
6. ചിറ്റിശ്ശേരി വാർഡ് 11- അംഗൻവാടി കെട്ടിടം നം 66
7. പുതുക്കാട് 74ാംനമ്പർ കസ്തൂർബാ അംഗൻവാടി
8. സംഗീത അംഗൻവാടി
9. കാഞ്ഞൂർ അംഗൻവാടി

മേൽ പറഞ്ഞ ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റേയോ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിന്റെയോ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-22 ടെണ്ടർഫോമിന്റെ വില ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമായില്ല

2014-15, 2015-16 വർഷങ്ങളിലായി 36 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തതായും 4 പ്രവൃത്തികൾ റീ ഇ-ടെണ്ടർ ചെയ്തതായും ടെണ്ടർ രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫോറത്തിന്റെ വില ജില്ലാപഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് കരാറുകാർ ഓൺലൈനായി അടവാക്കുന്നത്. ടെണ്ടർ ഫോറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ ഈ തുക ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-23 ചെലവ് രേഖയിൽ ക്യാഷ് ബില്ലിന് പകരം എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിരിക്കുന്നു.

വൗച്ചറിനോടൊപ്പം ചെലവ് രേഖകൾ സമർപ്പിച്ചിരിക്കുന്നതിൽ ക്യാഷ് ബില്ലിന് പകരം എസ്റ്റിമേറ്റ് ഉൾപ്പെടുത്തി കാണുന്നുണ്ട്. ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ | സബ്ബ് വൗച്ചർ | തീയതി | ചെലവ് രേഖകൾ | തുക |
|---|---|---|---|---|

| നം. | നം. | | സമർപ്പിച്ച സ്ഥാപനം | |
|---|---|---|---|---|
| 172/14-15 | 02/14-15 | 15.12.14 | താലൂക്ക് ആശുപത്രി, പുതുക്കാട് | 1158 |
| 178/14-15 | 10/14-15 | 13.02.15 | താലൂക്ക് ആശുപത്രി, പുതുക്കാട് | 3295 |
| 119/15-16 | 04/15-16 | 12.10.15 | താലൂക്ക് ആശുപത്രി, പുതുക്കാട് | 1206 |
| 129/15-16 | 02/15-16 | 02.10.15 | താലൂക്ക് ആശുപത്രി, പുതുക്കാട് | 1141 |
| | 06/15-16 | 08.10.15 | | 435 |
| 157/15-16 | 07/15-16 | 11.01.16 | കൃഷി ഓഫീസർ | 1330 |
| | 09/15-16 | 11.01.16 | | 315 |
| 183/15-16 | 18/15-16 | 22.12.15 | താലൂക്ക് ആശുപത്രി, പുതുക്കാട് | 1286 |
| | 40/15-16 | 23.01.16 | | 1249 |

ഒരേ സ്ഥാപനത്തിൽ നിന്നുള്ള ഇലക്ട്രിക്ക്, പ്ലംബിംഗ് സാമഗ്രികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിലുള്ള എസ്റ്റിമേറ്റുകൾക്ക് പകരം VAT രജിസ്ട്രേഷനുള്ള കാഷ് ബിൽ തന്നെ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2014-15

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2014-15 | 22894253 | IAY ഭവനനിർമ്മാണം | 7929625 | 23901628<br>OB-6937000 |
| ഗ്രാമപഞ്ചായത്ത് | 2014-15 | 10637341 | IAY ഭവനനിർമ്മാണം | 11398947 | 4193975<br>OB - 4955081 |
| വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത് | 2014-15 | 100000 | കൊരനൊടി എസ്.സി കോളനി സമഗ്ര വികസനം | 100000 | NIL |
| കൊടകര ഗ്രാമ | 2014-15 | 59052 | അഴകത്ത് | 59052 | NIL |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | കൂടാരം കാന നിർമ്മാണം | | |

2015-16

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2015-16 | 3302770 | IAY ഭവനനിർമ്മാണം | 13998081 | 13206317<br>OB-23901628 |
| ഗ്രാമപഞ്ചായത്ത് | 2015-16 | 6668641 | IAY ഭവനനിർമ്മാണം | 9676000 | 1186116<br>OB- 4193475 |
| പുതുക്കാട് ഗ്രാമ പഞ്ചായത്ത് | 2015-16 | 250000 | കസ്തൂർബ അങ്കണവാടി | 250000 | NIL |
| വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത് | 2015-16 | 50000 | വെള്ളാരംകുന്ന് നെല്ലിക്കുന്ന് പീടിക പറമ്പ് മെറ്റലിങ്ങ് & ടാറിംങ്ങ് | 50000 | NIL |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2014-15

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | സോളർപാനൽ | ഡി.ഡി നം. 501756/ 12.12.14 | 627000 | 627000 | - |

2015-16

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | സോളർപാനൽ | 470135/4.4.16 | 1485000 | - | 1485000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

2014-15

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക നം | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ തിരിച്ചടവ് | 23628/ജെ.ആർ.വൈ1 /13/സി.ആർ.ഡി, തിയ്യതി 26.11.2010 | 13500000 | 9739432 | 1278250 | 8144 | 9040854 |
| ഐ.എ.വൈ സംസ്ഥാന വിഹിതം സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പ | സർക്കാർ ഉത്തരവ് (കൈ)നം 193/2013 /ത.സ്വ.ഭ.വ തിയ്യതി 24.05.2013 | 4568918 | 5007847 | 176166 | 130075- | 5239519 |

- 

2015-16

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക നം | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ തിരിച്ചടവ് | 23628/ജെ.ആർ.വൈ1 /13/സി.ആർ.ഡി, തിയ്യതി 26.11.2010 | 13500000 | 90408554 | 3750000 | 1184432 | 4767241 |
| ഐ.എ.വൈ സംസ്ഥാന വിഹിതം സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പ | സർക്കാർ ഉത്തരവ് (കൈ)നം 193/2013 /ത.സ്വ.ഭ.വ തിയ്യതി 24.05.2013 | 4568918 | 5239519 | 4392752 | 846767 | - |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2014-15 = 173793369/-<br>2015-16 = 80732387/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2014-15=174571025/-<br>2015-16=135876144/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 735/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1969135/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-20 | | 735/- | ശ്രീമതി ദീപ്തി കെ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 96000/- | ശ്രീമതി.ലിസ.ജെ.മങ്ങാട്ട്<br>പട്ടികജാതി വികസന ഓഫീസർ |
| 3-9 | 100000/- | ശ്രീമതി.ദേവി.എൻ<br>ശിശു വികസന പദ്ധതി ഓഫീസർ |
| 3-10 | 30000/- | ഡോ.രാജീവ്.ആർ<br>സി.എച്ച്.സി.സൂപ്രണ്ട്<br>മറ്റത്തൂർ |
| 3-12 | 25935/- | ഡോ.കൃഷ്ണകുമമാർ<br>സി.എച്ച്.സി.സൂപ്രണ്ട്,മറ്റത്തൂർ |
| 3-14 | 202200/- | ശ്രീ.ശ്രീകാന്ത്.എ.എം, സെക്രട്ടറി |
| 3-16 | 14,85,000 | സുരേഷ്ബാബു പി.വി, സെക്രട്ടറി |

| | | |
|---|---|---|
| 3-17 | 30,000 | ഷൈനി ജേക്കബ്, കൃഷി അസി. ഡയറക്ടർ |
| ആകെ | 19,69,135/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും/ ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദീപ്തി.കെ അസി.എക്സി.എഞ്ചിനീയർ | ലഭ്യമല്ല | കോട്ടൂർ വീട്, വെറ്റിക്കാവിള, പി.ഒ.കൊട്ടാരക്കര, പിൻ-691 538 |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96,96-97,97-98 | എൽ.എഫ്.ടി16-704/99തീയതി 22.3.99 |
| 98-99വരവ്-ചെലവ് | എൽ.എഫ്.ടി16-339/00തീയതി.2.6.00 |
| 1999-00പദ്ധതി വിഹിതം | എൽ .എഫ്. .ടി9 -56/04/ തീയതി.11.03.04/7.7.04 |
| 1999-00 | എൽ.എഫ്.ടി21-2204/07തീയതി 21.11.06 |
| 2000-01 | എൽ.എഫ്.ടി21-2205/07തീയതി 21.11.06 |
| 01-02 | എൽ.എഫ്.ടി21-2206/07തീയതി21.11.06 |
| 02-03 | എൽ.എഫ്.ടി21- 2570/07തീയതി 21.02.09 |
| 03-04 | എൽ.എഫ്.ടി21-2571/07തീയതി21.02.09 |
| 04-05 | എൽ.എഫ്.ടി21-2624/07-തീയതി 21.02.09 |
| 05-06 | എൽ.എഫ്.ടി.21-2714/07തീയതി 21.02.09 |
| 06-07 | എൽ.എഫ്.ടി(ബി.പി) 537/11തീയതി 26.09.11 |
| 07-08 | എൽ.എഫ്.ടി(ബി.പി)538/11 തീയതി.26.09.11 |
| 08-09 | എൽ.എഫ്.ടി(ബി.പി)- 539/11തീയതി26.09.11 |

| | |
|---|---|
| 2009-10 | എൽ.എഫ്.ടി(ബി.പി)540/11തീയതി26.09.11 /8.12/11 |
| 2010--11 | എൽ.എഫ്.ടി(ബി.പി) 2236/12 /തീയതി15.2.13/5.6.13 |
| 2011-12 | എൽ.എഫ്.ടി(ബി.പി) 218/13തീയതി 15.04.13/3.8.13 |
| 2012-13 | എൽ.എഫ്.ടി(ബി.പി) 1365/14തീയതി.12.11.14/5.12.14 |
| 2013-14 | നം കെ.എസ്.എ.ടി.എസ്.ആർ (BP)368/15/ തിയ്യതി 09.07.15, 09.10.15 |

ജോയിന്റ് ഡയറക്ടർ
കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്